**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 323** **27-10-2021 - ൽ മറുപടിയ്ക്ക്**

**വൺ ഹെൽത്ത് പോളിസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എം. എം. മണി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ എം എസ് അരുൺ കുമാർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജന്തുജന്യ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് എലിപ്പനി, സ്ക്രബ് ടൈഫസ് (ചെള്ള് പനി), ക്യാസനൂർ ഫോറസ്റ്റ് ഡിസീസ് (കെ.എഫ്.ഡി) അഥവാ കുരങ്ങ് പനി, പേ വിഷബാധ, ജപ്പാൻ ജ്വരം, നിപ്പ രോഗം, പക്ഷിപ്പനി എന്നീ ജന്തുജന്യരോഗങ്ങളാണ് പ്രധാനമായും കണ്ടു വരുന്നത്. 2017 മുതലുള്ള റിപ്പോർട്ടുകൾ പ്രകാരം ഇവയൊന്നും ക്രമാതീതമായി വർദ്ധിച്ചു വരുന്നതായി കാണപ്പെടുന്നില്ല. എല്ലാ ജില്ലകളിലും കാണപ്പെടുന്നതും ഏറ്റവും കൂടുതൽ രോഗാതുരതയ്ക്കും മരണത്തിനും കാരണമാകുന്നതും എലിപ്പനിയാണ്. സ്ക്രബ് ടൈഫസ് തിരുവനന്തപുരം ജില്ലയിൽ നിന്നാണ് കൂടുതൽ റിപ്പോർട്ട് ചെയ്യുന്നത്. കുരങ്ങ് പനി വയനാട് ജില്ലയിൽ നിന്ന് മാത്രമാണ് കഴിഞ്ഞ 5 വർഷത്തിനിടയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. നിലവിൽ സംസ്ഥാനത്ത് 'ഇന്റഗ്രേറ്റഡ് ഡിസീസസ് സർവൈലൻസ് പ്രോഗ്രാം' എന്ന സംവിധാനത്തിലൂടെ രോഗം വരാനുള്ള അപകട സൂചനകൾ മുൻകൂട്ടി മനസ്സിലാക്കി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. അതുപോലെ തന്നെ ദേശീയ പ്രാണിജന്യ നിയന്ത്രണ പരിപാടിയുടെ ഭാഗമായ ജപ്പാൻ ജ്വരം, സ്ക്രബ് ടൈഫസ്, കുരങ്ങ് പനി മുതലായവയുടെ നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2018 മുതൽ 'ആരോഗ്യ ജാഗ്രത' എന്നപേരിൽ ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ പകർച്ചവ്യാധി നിയന്ത്രണത്തിനും പ്രതിരോധത്തിനുമായുള്ള കർമ്മ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അതുപോലെ തന്നെ സർക്കാരിന്റെ വൺ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി ആരോഗ്യ വകുപ്പ്, |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, വനം വകുപ്പ്, വിവിധ ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും ജന്തുജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. നിപ്പ രോഗം 2018 ൽ ആദ്യമായി കേരളത്തിൽ റിപ്പോർട്ട് ചെയ്തപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ വിവിധ തലങ്ങളിൽ ഊർജ്ജിതമായി ഇടപെട്ട് രോഗം നിയന്ത്രണ വിധേയമാക്കി. 2019 ൽ എറണാകുളം ജില്ലയിൽ ഒരാൾക്ക് നിപ്പ ബാധിച്ചപ്പോൾ 2018 ലെ അനുഭവപാഠം പ്രയോജനപ്പെടുത്തിയതിനാൽ മരണം ഒഴിവാക്കാനും ഒരാളിൽ മാത്രമായി രോഗം പിടിച്ച് നിർത്താനും സാധിച്ചു. 2021 ൽ കോഴിക്കോട് നിപ്പ രോഗം വീണ്ടും റിപ്പോർട്ട് ചെയ്തപ്പോൾ വളരെ ഊർജ്ജിതമായി രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി രോഗം മറ്റാരിലേക്കും വ്യാപിക്കാതെ നിയന്ത്രിച്ച് നിർത്താനും സാധിച്ചു. ഇപ്രകാരം ജന്തുജന്യ രോഗങ്ങളെ നിയന്ത്രിച്ചു നിർത്തുന്ന കാര്യത്തിൽ ആരോഗ്യ വകുപ്പിന് സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കാൻ സാധിച്ചു. പക്ഷിപ്പനി സർവൈലൻസിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ തിരുവല്ല ഏവിയൻ ഡിസീസ് ഡയഗനോസ്റ്റിക് ലബോറട്ടറിയിലും ബാംഗ്ലൂർ SRDDL ലും ആയി പരിശോധന നടത്തി വരുന്നു. NABL അക്രഡിറ്റേഷനുള്ള ലബോറട്ടറി ഉൾപ്പെടെ സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ ലബോറട്ടറികളിലായി പേവിഷ രോഗബാധ നിർണ്ണയം നടത്തി വരുന്നു. നിപ്പാരോഗ നിയന്ത്രണത്തിനായുള്ള ആക്ഷൻ പ്ലാൻ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു. കൂടാതെ, സംസ്ഥാനത്തെ സ്ക്രബ് ടൈഫസ് രോഗത്തെപ്പറ്റി ഐ.സി.എം.ആർ - വി.സി.ആർ.സി യുടെ മധുരയിലുള്ള ഫീൽഡ് യൂണിറ്റ് തിരുവനന്തപുരം ജില്ലയിൽ പഠനം നടത്തിയിരുന്നു. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് എലിപ്പനി, സ്ക്രബ് ടൈഫസ് (ചെള്ള് പനി), ക്യാസന്നൂർ ഫോറസ്റ്റ് ഡിസീസ് (കെ.എഫ്.ഡി) അഥവാ കുരങ്ങ് പനി, പേ വിഷബാധ, ജപ്പാൻ ജ്വരം, നിപ്പ രോഗം, പക്ഷിപ്പനി എന്നീ ജന്തുജന്യരോഗങ്ങളാണ് പ്രധാനമായും കണ്ടു വരുന്നത്. 2017 മുതലുള്ള റിപ്പോർട്ടുകൾ പ്രകാരം ഇവയൊന്നും ക്രമാതീതമായി വർദ്ധിച്ചു വരുന്നതായി കാണപ്പെടുന്നില്ല. എല്ലാ ജില്ലകളിലും |

കാണപ്പെടുന്നതും ഏറ്റവും കൂടുതൽ രോഗാതുരതയ്ക്കും മരണത്തിനും കാരണമാകുന്നതും എലിപ്പനിയാണ്. സ്ക്രബ് ടൈഫസ് തിരുവനന്തപുരം ജില്ലയിൽ നിന്നാണ് കൂടുതൽ റിപ്പോർട്ട് ചെയ്യുന്നത്. കുരങ്ങ് പനി വയനാട് ജില്ലയിൽ നിന്ന് മാത്രമാണ് കഴിഞ്ഞ 5 വർഷത്തിനിടയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. നിലവിൽ സംസ്ഥാനത്ത് 'ഇന്റഗ്രേറ്റഡ് ഡിസീസസ് സർവൈലൻസ് പ്രോഗ്രാം' എന്ന സംവിധാനത്തിലൂടെ രോഗം വരാനുള്ള അപകട സൂചനകൾ മുൻകൂട്ടി മനസ്സിലാക്കി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. അതുപോലെ തന്നെ ദേശീയ പ്രാണിജന്യ നിയന്ത്രണ പരിപാടിയുടെ ഭാഗമായ ജപ്പാൻ ജ്വരം, സ്ക്രബ് ടൈഫസ്, കുരങ്ങ് പനി മുതലായവയുടെ നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2018 മുതൽ 'ആരോഗ്യ ജാഗ്രത' എന്നപേരിൽ ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ പകർച്ചവ്യാധി നിയന്ത്രണത്തിനും പ്രതിരോധത്തിനുമായുള്ള കർമ്മ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. അതുപോലെ തന്നെ സർക്കാരിന്റെ വൺ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, വനം വകുപ്പ്, വിവിധ ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും ജന്തുജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. നിപ്പ രോഗം 2018 ൽ ആദ്യമായി കേരളത്തിൽ റിപ്പോർട്ട് ചെയ്തപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ വിവിധ തലങ്ങളിൽ ഊർജ്ജിതമായി ഇടപെട്ട് രോഗം നിയന്ത്രണ വിധേയമാക്കി. 2019 ൽ എറണാകുളം ജില്ലയിൽ ഒരാൾക്ക് നിപ്പ ബാധിച്ചപ്പോൾ 2018 ലെ അനുഭവപാഠം പ്രയോജനപ്പെടുത്തിയതിനാൽ മരണം ഒഴിവാക്കാനും ഒരാളിൽ മാത്രമായി രോഗം പിടിച്ച് നിർത്താനും സാധിച്ചു. 2021 ൽ കോഴിക്കോട് നിപ്പ രോഗം വീണ്ടും റിപ്പോർട്ട് ചെയ്തപ്പോൾ വളരെ ഊർജ്ജിതമായി രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി രോഗം മറ്റാരിലേക്കും വ്യാപിക്കാതെ നിയന്ത്രിച്ച് നിർത്താനും സാധിച്ചു. ഇപ്രകാരം ജന്തുജന്യ രോഗങ്ങളെ നിയന്ത്രിച്ചു നിർത്തുന്ന കാര്യത്തിൽ ആരോഗ്യ വകുപ്പിന് സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കാൻ സാധിച്ചു. പക്ഷിപ്പനി സർവൈലൻസിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും

| | | | |
|---|---|---|---|
| | | | ശേഖരിക്കുന്ന സാമ്പിളുകൾ തിരുവല്ല ഏവിയൻ ഡിസീസ് ഡയഗനോസ്റ്റിക് ലബോറട്ടറിയിലും ബാംഗ്ലൂർ SRDDL ലും ആയി പരിശോധന നടത്തി വരുന്നു. NABL അക്രഡിറ്റേഷനുള്ള ലബോറട്ടറി ഉൾപ്പെടെ സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ ലബോറട്ടറികളിലായി പേവിഷ രോഗബാധ നിർണ്ണയം നടത്തി വരുന്നു. നിപ്പാരോഗ നിയന്ത്രണത്തിനായുള്ള ആക്ഷൻ പ്ലാൻ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു. കൂടാതെ, സംസ്ഥാനത്തെ സ്ക്രബ് ടൈഫസ് രോഗത്തെപ്പറ്റി ഐ.സി.എം.ആർ - വി.സി.ആർ.സി യുടെ മധുരയിലുള്ള ഫീൽഡ് യൂണിറ്റ് തിരുവനന്തപുരം ജില്ലയിൽ പഠനം നടത്തിയിരുന്നു. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) | പരിസ്ഥിതിയുടെ ആരോഗ്യം, ജനങ്ങളുടെ ആരോഗ്യം, മൃഗങ്ങളുടെ ആരോഗ്യം എന്നിവ സംയോജിപ്പിച്ച് വൺ ഹെൽത്ത് പോളിസി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | മനുഷ്യന്റെ ആരോഗ്യം പരിസ്ഥിതിയുമായും മറ്റ് ജന്തുക്കളുടെ ആരോഗ്യവുമായും പരസ്പര ബന്ധിതമായതിനാലും മനുഷ്യനെ ബാധിക്കുന്ന പകർച്ചവ്യാധികളിൽ ജന്തുജന്യ രോഗങ്ങൾ താരതമ്യേന കൂടുതലാണ് എന്നതിനാലും ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ സംയോജിപ്പിച്ചും ഏകോപിപ്പിച്ചും വൺ ഹെൽത്ത് പോളിസി സർക്കാർ വലിയ പ്രാധാന്യത്തോടെ നടപ്പിലാക്കി വരികയാണ്. ഓരോ ജന്തുജന്യ രോഗങ്ങളെയും സ്വാധീനിക്കുന്ന സാമൂഹിക പാരിസ്ഥിതിക ഘടകങ്ങളെ നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിന് പുറമേ തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, പരിസ്ഥിതി വകുപ്പ്, വനം വകുപ്പ്, ട്രൈബൽ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കാലാവസ്ഥാ വകുപ്പ് തുടങ്ങിയവയുടെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ, ലബോറട്ടറികൾ, സർവ്വകലാശാല തുടങ്ങിയവയുടെയും പങ്കാളിത്തം അനിവാര്യമാണ്. ഇത്തരം വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തത്തോടെ രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, രോഗം പരത്തുന്ന പ്രാണികളുടെ നിരീക്ഷണം, ശരിയായ ചികിത്സ, മരുന്നുകളുടെയും മറ്റ് സാമഗ്രികളുടെയും ലഭ്യത ഉറപ്പാക്കൽ, വാക്സിനേഷൻ, ബോധവത്ക്കരണം, പരിശീലനം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, കാമ്പയിനുകൾ, പ്രാണി നശീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ